പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.3029

15.02.2013 ൽ മറുപടിക്ക്

# നെൽവയൽ ഡാറ്റാ ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ :<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽ വയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ 24-12-08 - ൽ നിലവിൽ വന്നു. ടി തീയതി മുതൽ മൂന്നു മാസത്തിനകം ഓരോ പ്രാദേശികതല നിരീക്ഷണ സമിതിയ്ക്കും ആധികാരികതയുള്ള പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വെ നമ്പരും വിസ്തൃതിയും ഉൾപ്പെടയുള്ള വിശദവിവരങ്ങൾ അടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ആയത് പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്ക് ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനും വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനം ചെയ്യുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമായാണ് കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിന് രൂപം നൽകിയത്. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് അതിരൂക്ഷമായ ഭക്ഷ്യക്ഷാമത്തിനും ജലക്ഷാമ |

| | | |
|---|---|---|
| | | ത്തിനും ഇടയാക്കുന്നതിനാൽ അവശേഷിക്കുന്നവയെങ്കിലും നിലനിർത്തുന്നതിനായാണ് ഓരോ പ്രദേശത്തേയും കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിശദവിവരങ്ങളടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് ; വിശദമാക്കുമോ ? | (സി) കൃഷി ആഫീസറും വില്ലേജ് ആഫീസറും തയ്യാറാക്കുന്ന നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും കരട് ഡാറ്റാ ബാങ്ക് പ്രാദേശികതല സമിതി പരിശോധിക്കുകയും ആവശ്യമെങ്കിൽ യുക്തമായ തിരുത്തലുകൾ വരുത്തുകയും ചെയ്യുന്നു. പ്രസ്തുത ഡാറ്റാ ബാങ്ക് നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയോ, സംസ്ഥാന ഭൂ വിനിയോഗ ബോർഡോ, ഭൗമശാസ്ത്ര പഠനകേന്ദ്രമോ (CESS), ഇൻഫർമേഷൻ കേരള മിഷനോ (IKM) മറ്റേതെങ്കിലും കേന്ദ്ര / സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനമോ ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഭൂ പടത്തിന്റെ സഹായത്തോടെ പരിശോധിച്ച് അന്തിമരൂപം നൽകി സമിതി അംഗീകരിക്കണം എന്നാണ് നിയമം അനുശാസിക്കുന്നത്. |

സെക്ഷൻ ഓഫീസർ